# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *167 05.12.2018-ൽ മറുപടിക്ക്

## ശബരിമലയിൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനാജ്ഞ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനാജ്ഞ 2018 നവംബർ 26 വരെ നീട്ടുവാൻ തീരുമാനിച്ചത് ഏതു സാഹചര്യത്തിലാണ്; | (എ) | ശബരിമലയിൽ ഉണ്ടായ ക്രമസമാധാന പ്രശ്നങ്ങളെ സംബന്ധിച്ച് പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റും സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റ് നിരോധനാജ്ഞ നീട്ടിയത്. |
| (ബി) ശബരിമലയിൽ എത്തുന്ന ഭക്തർക്ക് ദർശനം നടത്തുന്നതിൽ യാതൊരു അസൗകര്യവും പോലീസ് സൃഷ്ടിക്കാൻ പാടില്ല എന്ന ഹൈക്കോടതി വിധിയുടെ ലംഘനമാണ് നിരോധനാജ്ഞ നീട്ടാനുള്ള സർക്കാരിന്റെ തീരുമാനം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>നിരോധനാജ്ഞയിൽ നിന്നും ഭക്തരെ ഒഴിവാക്കിയിട്ടുണ്ട്. നിരോധനാജ്ഞമൂലം ഭക്തർക്ക് ദർശനത്തിന് യാതൊരുവിധ തടസ്സവും ഉണ്ടാകുന്നില്ല. |
| (സി) ശബരിമലയിലെ വലിയ നടപ്പന്തലിൽ വിരിവയ്ക്കാൻ ഭക്തരെ അനുവദിക്കണം എന്ന ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ നടപ്പാക്കാത്തതിന് കാരണമെന്താണ്; | (സി) | ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) വലിയ നടപ്പന്തലിൽ വിരിവയ്ക്കാൻ അനുവദിക്കാത്തത് കാരണം, ട്രാക്ടറുകൾ നിരന്തരം കടന്നുപോകുന്ന മാളികപ്പുറത്തെ വിരിപ്പന്തൽ ഉപയോഗിക്കുന്നത് അപകട സാധ്യത ഉളവാക്കുന്നതല്ലേ എന്ന് വ്യക്തമാക്കുമോ? | (ഡി) അത്തരം ഒരു സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ